134 (715) തൃശ്ശൂർ നഗരവികസന അതോറിറ്റി പണിത കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്ന നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നഗരവികസന അതോറിറ്റി തൃശ്ശൂർ ശക്തൻതമ്പുരാൻ മാർക്കറ്റ് പരിസരത്ത് പണിത കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിന്റെ നടപടികൾ ഏതു ഘട്ടംവരെയായി;

(ബി) ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിന് എന്തു തുക ചെലവായി;

(സി) നിർമ്മാണം എന്നാണ് തുടങ്ങിയത്; എസ്റ്റിമേറ്റ് സംഖ്യ എത്രയായിരുന്നു; എത്ര തുക ഇതിനകം ചെലവഴിച്ചു;

(ഡി) നിർമ്മാണം അവസാനം നിർത്തിവച്ചത് എന്നാണ്; വീണ്ടും പണി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എത്ര മുറികൾ വാടക അഡ്വാൻസായി ലഭിച്ചിട്ടുണ്ട്; ആർക്കെങ്കിലും നഷ്ടപരിഹാരം നൽകേണ്ടിവന്നിട്ടുണ്ടോ;

(എഫ്) കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ട് സമാഹരിക്കുന്നതിനുവേണ്ടി 12 മുറികൾ 99 വർഷത്തേക്ക് ലീസിന് കൊടുത്തിട്ടുണ്ട്. ബാക്കി 46 മുറികളും നാലു മുകൾ നിലകളും പണി പൂർത്തിയാകുന്ന മുറയ്ക്ക് ലീസിന് നൽകാൻ ഉദ്ദേശിക്കുന്നു.

(ബി) കെട്ടിട നിർമ്മാണത്തിന് ഇതുവരെ 1,47,35,490/- രൂപ ചെലവായി.

(സി) നിർമ്മാണം 17.8.1993-ൽ ആരംഭിച്ചു. എസ്റ്റിമേറ്റു തുക 91,82,006/- ഇതുവരെ 1,47,35,490/- രൂപ ചെലവഴിച്ചു.

(ഡി) നിർമ്മാണം 3.10.97-ൽ നിർത്തിവച്ചു. വീണ്ടും പണി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) 12 മുറികൾക്ക് വാടക അഡ്വാൻസ് ലഭിച്ചിട്ടുണ്ട്. കടമുറികൾ ഏൽപ്പിച്ചുകൊടുക്കുന്ന തീയതിവരെയുള്ള പലിശ കൊടുക്കേണ്ടതുണ്ട്. ഇതേവരെ ഈയിനത്തിൽ തുക ഒന്നും കൊടുത്തിട്ടില്ല.

(എഫ്) പണി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

135 (716) ചേരാനല്ലൂരിലെ ഖരമാലിന്യ പ്രോസസിംഗ് പ്ലാന്റ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി.ജെ. പൗലോസ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊച്ചിക്ക് സമീപം ചേരാനല്ലൂരിൽ ഖരമാലിന്യ പ്രോസസിംഗ് പ്ലാന്റ് സൗജന്യമായി നിർമ്മിച്ചുതരാമെന്ന് ഒരു ജർമ്മൻ കമ്പനി സമ്മതിച്ചിട്ടുണ്ടോ;

(ബി) ഈ പ്ലാന്റ് കേരളത്തിൽ സ്ഥാപിക്കുവാനുള്ള ആലോചന ആരംഭിച്ചിട്ട് എത്രകാലമായി;

(സി) ഇതുവരെ ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് അനുമതി നൽകാതിരിക്കുന്നതിനുള്ള കാരണമെന്താണ്?

ഉത്തരം

(എ) ഭൂമി, ജലം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നപക്ഷം 50 ടൺ ജൈവമാലിന്യം ഉപയോഗിച്ച് വൈദ്യുതിയും ജൈവവളവും ഉൽപ്പാദിപ്പിക്കുന്ന ഒരു പൈലറ്റ് പ്ലാന്റ് കൊച്ചി നഗരസഭയ്ക്ക് സൗജന്യമായി നൽകാമെന്ന് ഒരു ജർമ്മൻ കമ്പനി അറിയിച്ചിട്ടുണ്ട്. ചേരാനല്ലൂരിൽ ഈ പ്ലാന്റ് സ്ഥാപിക്കാൻ നഗരസഭ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി) ഏകദേശം ഒരു വർഷമായി.

(സി) പ്ലാന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന് താൽപ്പര്യമുണ്ടെന്നുള്ളകാര്യം കഴിഞ്ഞ വർഷം ആഗസ്റ്റ് മാസത്തിൽ ജർമ്മൻ കമ്പനിയെ അറിയിച്ചിരുന്നു. എന്നാൽ ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി വേണമെന്ന് ബന്ധപ്പെട്ട ജർമ്മൻ കമ്പനി അറിയിച്ചതിനാൽ അനുമതിക്കായി അതേമാസം തന്നെ കേന്ദ്രസർക്കാരിന് അപേക്ഷ നൽകുകയുണ്ടായി. കേന്ദ്രാനുമതി ഇനിയും ലഭിച്ചിട്ടില്ല.

136 (717) പിറവം ഗ്രാമപഞ്ചായത്തിലെ ക്രമക്കേട്

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ സർക്കാരിനും പഞ്ചായത്ത് ഡയറക്ടർക്കും ലഭിച്ചിട്ടുണ്ട്.

(ബി) പരാതികളിൽ ഉന്നയിച്ചിരിക്കുന്ന പ്രധാന ആക്ഷേപങ്ങൾ എന്തെല്ലാം;

(സി) ഇതു സംബന്ധമായി തദ്ദേശ സ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാരിന്റെ പ്രാഥമിക അന്വേഷണത്തിൽ ഈ പഞ്ചായത്തിൽ എത്ര ലക്ഷം രൂപയുടെ ക്രമക്കേടുകൾ നടന്നിട്ടുണ്ട്;

(ഇ) ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന ആവശ്യം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണം ആരംഭിച്ചുവോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(എഫ്) പ്രസ്തുത ക്രമക്കേടുകൾക്കെതിരെ നടന്ന സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly